Reg. No. : ..................................

Name : ..........................................

**SY 635**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025

## Part – III

## ECONOMICS

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Score

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരം എഴുതുക.**
**1 സ്കോർ വീതം.** **(8×1=8)**

**1.** മൊത്ത ധനകമ്മി – അറ്റ പലിശ ബാധ്യത = ___________

a) പ്രാഥമിക കമ്മി

b) ധന കമ്മി

c) റെവന്യൂ കമ്മി

d) ഇവയൊന്നുമല്ല

**2.** AFC വക്രത്തിന്റെ ആകൃതി

a) U ആകൃതി

b) റെക്ടാൻഗുലർ ഹെയ്പ്പർബോള

c) L ആകൃതി

d) നേർരേഖ

**3.** ഉല്പാദകർ ഇൻപുട്ടായി ഉപയോഗിക്കുന്ന സാധനങ്ങൾ

a) അന്തിമ സാധനങ്ങൾ

b) ഉപഭോഗ വസ്തുക്കൾ

c) അന്തരാള സാധനങ്ങൾ

d) ഇവയൊന്നുമല്ല

Score

4. വരുമാനം വർദ്ധിക്കുമ്പോൾ, ബജറ്റ് ലൈയിൻ ഷിഫ്റ്റ് ചെയ്യുന്നത്

a) ഇടത്തേയ്ക്ക്

b) വലത്തേയ്ക്ക്

c) താഴേയ്ക്ക്

d) ഇവയൊന്നുമല്ല

5. ഒരു സ്ഥാപനം ഹ്രസ്വകാലത്തിൽ സാധാരണ ലാഭം മാത്രം നേടുന്ന ബിന്ദു

a) ഷട്ട് ഡൗൺ പോയിന്റ്

b) അധിക പ്രദാനം

c) ബ്രേക്ക് ഈവൻ പോയിന്റ്

d) അധിക ചോദനം

6. ആവശ്യം തൃപ്തിപ്പെടുത്തുവാനുള്ള സാധനത്തിന്റെ കഴിവ്

a) ചോദനം

b) പ്രദാനം

c) ഉല്പാദനം

d) ഉപയുക്തത

7. പൊതുജനത്തിന്റെ കൈയ്യിലുള്ള പണം + നിക്ഷേപം =

a) $M_1$

b) $M_4$

c) $M_2$

d) $M_3$

8. ജെ. എം. കെയിൻസിന്റെ 'The General Theory of Employment, Interest and Money' എന്ന പുസ്തകം പ്രസിദ്ധീകരിച്ച വർഷം.

a) 1936

b) 1930

c) 1945

d) 1929

9. വരുമാനം പൂജ്യമായിരിക്കുമ്പോഴുള്ള ഉപഭോഗം

a) സ്വതന്ത്ര ഉപഭോഗം

b) പ്രേരിത ഉപഭോഗം

c) സ്വതന്ത്ര നിക്ഷേപം

d) ഇവയൊന്നുമല്ല

10. താഴെ തന്നിരിക്കുന്നവയിൽ പ്രവാഹചരം ഏത് ?

a) മൂലധനം

b) പണത്തിന്റെ ചോദനം

c) പണത്തിന്റെ പ്രദാനം

d) GDP

Score

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**2 സ്കോർ വീതം.** **(4×2=8)**

11. നെഗറ്റീവ് ആകസ്മികങ്ങൾക്ക് ഏതെങ്കിലും രണ്ട് ഉദാഹരണം എഴുതുക.

12. സ്ഥൂല സാമ്പത്തിക ശാസ്ത്ര വീക്ഷണത്തിൽ ഒരു സമ്പത്ത് ഘടനയിലെ നാല് മേഖലകൾ ഏതൊക്കെ ?

13. ചോദന വക്രം വലത്തേയ്ക്ക് മാറുകയും, പ്രദാന വക്രം മാറ്റമില്ലാതെ നിൽക്കുകയും ചെയ്യുമ്പോൾ സന്തുലിത വിലയിലും ഉല്പന്നത്തിലും ഉണ്ടാകുന്ന മാറ്റം എന്താണ് ?

14. മൂല്യവർദ്ധനവും (റീവാല്യുവേഷൻ) അവമൂലനവും (ഡീവാല്യുവേഷൻ) തമ്മിലുള്ള വ്യത്യാസം എന്ത് ?

15. കമ്പോള സമ്പദ്ഘടനയുടെ രണ്ട് സവിശേഷതകൾ എഴുതുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**3 സ്കോർ വീതം.** **(4×3=12)**

16. നിസ്സംഗതാ വക്രത്തിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക.

17. താഴെ തന്നിരിക്കുന്നവ പൂർത്തിയാക്കുക.

a) $\frac{\Delta TC}{\Delta q}$ = ________

b) $\frac{TFC}{q}$ = ________

c) AVC + AFC = ________

Score

18. മൂന്ന് തരം ബജറ്റ് ഏതൊക്കെ എന്ന് വിശദീകരിക്കുക.

19. വിഭവങ്ങളുടെ ദൗർലഭ്യവുമായി ബന്ധപ്പെട്ട ഒരു സമ്പദ്‌വ്യവസ്ഥയിലെ കേന്ദ്രീകൃത പ്രശ്നങ്ങൾ എന്തൊക്കെ ?

20. നിക്ഷേപം 200 കോടി രൂപയായി വർദ്ധിക്കുന്നു. സീമാന്ത ഉപഭോഗ പ്രവണത (MPC) 0.2 ആണെങ്കിൽ, മൊത്ത വരുമാനത്തിലുണ്ടാകുന്ന വർദ്ധനവ് എത്ര ?


**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** **(4×4=16)**

21. പൂരകവസ്തുക്കളും പ്രതിസ്ഥാപന വസ്തുക്കളും തമ്മിലുള്ള വ്യത്യാസമെന്ത് ? രണ്ടിന്റെയും ഉദാഹരണം എഴുതുക.

22. ഒരു സാധനത്തിന്റെ കമ്പോളവില 10 രൂപയിൽ നിന്ന് 25 രൂപയായി വർദ്ധിച്ചു. അതിനാൽ സ്ഥാപനം പ്രദാനം ചെയ്യപ്പെട്ട സാധനത്തിന്റെ അളവ് 15 യൂണിറ്റിൽ നിന്ന് 20 യൂണിറ്റായി വർദ്ധിച്ചു. പ്രദാനത്തിന്റെ വില ഇലാസ്തികത കണക്കാക്കുക.

23. താഴെ തന്നിരിക്കുന്ന ചിത്രം പൂർത്തിയാക്കുക.

**വരുമാനത്തിന്റെ ചാക്രിക പ്രവാഹം**




24. അയവുള്ള വിനിമയ നിരക്ക് ഘടന ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക.

25. GDP ഡിഫ്ളേറ്റർ എന്നാൽ എന്ത് ? യഥാർത്ഥ GDP യും നാമമാത്ര GDP യും തമ്മിലുള്ള വ്യത്യാസം എന്ത് ?

Score

**26 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**5 സ്കോർ വീതം.** **(4×5=20)**

**26.** പൊതു സാധനങ്ങളും സ്വകാര്യസാധനങ്ങളും തമ്മിലുള്ള വ്യത്യാസം എന്ത് ? രണ്ടിനും ഉദാഹരണം എഴുതുക.

**27.** ഒരു ഉപഭോക്താവിന്റെ വരുമാനം Rs. 50/- ആണ്. രണ്ട് സാധനങ്ങളുടെ കമ്പോള വില Rs. 5 & Rs. 10 ആണ്.

a) ബജറ്റ് ലൈനിന്റെ സമവാക്യം എഴുതുക.

b) ഹൊറിസോണ്ടൽ ഇന്റർസെപ്റ്റ്, വെർട്ടിക്കൽ ഇന്റർസെപ്റ്റ് എന്നിവ കണക്കാക്കുക.

c) ബജറ്റ് ലൈൻ വരയ്ക്കുക.

**28.** a) കമ്പോള സന്തുലിതാവസ്ഥ എന്തെന്ന് ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക.

b) തന്നിരിക്കുന്ന സമവാക്യത്തിൽ നിന്ന് സന്തുലിത വിലയും സന്തുലിത അളവും കണ്ടെത്തുക.

$qd = 400 - P$

$qs = 200 + P$

**29.** a) രണ്ട് മേഖലയുള്ള സമ്പദ്ഘടനയുടെ മൊത്തം ചോദനം എന്നാൽ എന്ത് ?

b) മൊത്ത ചോദനത്തിന്റെ ഘടകങ്ങൾ എന്തൊക്കെ എന്ന് വിശദീകരിക്കുക.

**30.** a) GDP എന്നാൽ എന്ത് ?

b) GDP കണക്കാക്കുന്നതിനുള്ള വരുമാന രീതി വിശദീകരിക്കുക.

Score

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2×8=16)**

**31.** a) വിഭേദക അനുപാത നിയമം അനുയോജ്യമായ ചിത്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക.

b) AP യും MP യും തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

**32.** a) പൂർണ്ണ മത്സര കമ്പോളത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

b) ഹ്രസ്വകാലത്തിൽ, പൂർണ്ണമത്സര കമ്പോളത്തിൽ ലാഭം പരമാവധിയാക്കാനുള്ള നിബന്ധനകൾ എന്തെന്ന് വിശദീകരിക്കുക.

**33.** a) കേന്ദ്രബാങ്കിന്റെ ധർമ്മങ്ങൾ എന്തെല്ലാം എന്ന് വിശദീകരിക്കുക.

b) സമ്പദ്ഘടനയിലെ പണപ്രദാനം നിയന്ത്രിക്കുന്നതിനായി കേന്ദ്രബാങ്ക് ഉപയോഗിക്കുന്ന അളവുപരവും ഗുണപരവുമായ ഉപകരണങ്ങൾ വിശദീകരിക്കുക.